പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 1543

21-01-2014 ൽ
മറുപടിയ്ക്ക്

സി-ഡിറ്റ് ന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ..കെ.ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സി-ഡിറ്റിന്റെ രജത ജൂബിലി ആഘോഷ ങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | എ) | ഉണ്ട്. സി-ഡിറ്റിന്റെ രജത ജൂബിലി ആഘോഷ ങ്ങളുടെ ഉത്ഘാടനം 30.12.2013-ന് വൈകുന്നേരം സി-ഡിറ്റ് മെയിൻ കാമ്പസിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി . 1988-ൽ സ്ഥാപിതമായ സി-ഡിറ്റ് പ്രവർത്തനത്തിന്റെ 25 വർഷങ്ങൾ പൂർത്തീകരിക്കുന്ന വേളയിൽ വിവര വിനിമയ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് നൂതനമായ 25 ചുവടുവയ്പുകൾക്ക് സി-ഡിറ്റ് തുടക്കം കുറിക്കുകയാണ്. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ആയതിൻ പ്രകാരം കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യ മാക്കാമോ; | ബി) & സി) | ഒരുവർഷത്തെ കർമ്മപരിപാടികളാണ് രജത ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) സി-ഡിറ്റ് ന്റെ പ്രവർത്തനം ശക്തിപ്പെടു ത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | |
| ഡി) സി-ഡിറ്റ് ന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ കരാർ ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ; | ഡി) | ഈ കാര്യം പരിഗണനയിലാണ്. |

സെക്ഷൻഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**